LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകൾ നികത്താൻ നടപടി

202 (3409) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിഭാഗം തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറക്ക് ഒഴിവുകൾ നികത്താൻ കഴിയും. ഓവർസിയർമാരുടെ ഒഴിവുകളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് കണ്ണൂർ തദ്ദേശ സ്വയംഭരണ വകുപ്പ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയർ അനുവാദം നൽകിയിട്ടുണ്ട്.

ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ലഭിച്ച വീടുകൾ കൈമാറ്റം ചെയ്യുന്നത്

203 (3410) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം ലഭിച്ച വീടുകൾ കൈമാറ്റം ചെയ്യരുതെന്ന വ്യവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ധനസഹായമായി ലഭിച്ച തുക പലിശ സഹിതം സർക്കാരിൽ തിരിച്ചടച്ചാൽ കൈമാറ്റം ചെയ്യുന്നതിൽ തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ആർക്കെങ്കിലും സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ധനസഹായം ലഭിച്ച് നിർമ്മിച്ച വീടും വസ്തുവും അന്യാധീനപ്പെടുന്നത് ഒഴിവാക്കാൻ 7-11-2009-ലെ സ.ഉ. (എം.എസ്) നമ്പർ 207/2009/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഇ.എം.എസ്. ഭവന പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം 10 വർഷ കാലയളവിലേക്ക് ഇവ കൈമാറ്റം നടത്തരുതെന്ന വ്യവസ്ഥ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ഗുണഭോക്താക്കൾ കരാർ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്.

(ബി) പൂർണ്ണമായും സർക്കാർ ധനസഹായമായി അനുവദിക്കുന്ന തുക ഉപയോഗിച്ച് നിർമ്മിക്കുന്ന വീടും സ്ഥലവും 10 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണെങ്കിലും അനിവാര്യമായ സാഹചര്യത്തിൽ കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടയ്ക്കുന്ന മുറയ്ക്ക് വായ്പാ കരാർ റദ്ദാക്കി നൽകുന്നതിനുള്ള അനുമതി നൽകി വരുന്നുണ്ട്. എന്നാൽ ഇപ്രകാരം ചെയ്യുന്നത് പൊതുവായ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല. മറിച്ച് അപേക്ഷകളുടെ മെറിറ്റ് പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ മാത്രമാണ്.

(സി) അർഹമായ അപേക്ഷകളിൽ അനുമതി നൽകിയിട്ടുണ്ട്.

ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കൽ

204 (3411) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ജനനം രജിസ്റ്റർ ചെയ്യാത്തവർക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആളുകൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന്, വളരെയധികം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതും കാലതാമസം വരുത്തുന്നതുമായ നിലവിലെ വ്യവസ്ഥകൾ ലഘൂകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലെ വ്യവസ്ഥകൾ ലഘൂകരിച്ച്, ജനനസർട്ടിഫിക്കറ്റ് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?